കേരള സർക്കാർ

# കേരളാസംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2014-15, 2015-16

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ-എ.എൽ.പി/ബി.പി-1163/2016

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

തീയതി: 07.10.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് -2014-15, 2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 28(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ), ആലപ്പുഴ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-എ.എൽ.പി/ബിപി-1163/2016 തിയ്യതി: 07.10.2016

# ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15,2015-16 സാമ്പത്തിക വർഷ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.06.2015മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ നൽകിയ 10 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത വിഷയങ്ങളെ സംബന്ധിക്കുന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഷീലാ ഉബാൾഡ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.9.16 മുതൽ<br>30.9.16വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഹരികുമാർ.ജി,<br>ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേഡ്) |
| | ശ്രീ.ചന്ദ്രശേഖരൻ.ജി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.രാജി.എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ഇന്ദിരാമ്മടീച്ചർ. | 1.4.14മുതൽ<br>5.11.15വരെ |

| | | | |
|---|---|---|---|
| | | അഡ്ഹോക് കമ്മറ്റി അംഗങ്ങൾ:-<br>ശ്രീ.എൻ.ഹരിലാൽ, സെക്രട്ടറി<br>ശ്രീ.പെന്റാലിയോൺ.കെ.ജെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ<br>ശ്രീമതി.രാജലക്ഷ്മി,സിഡിപിഒ | 6.11.15 മുതൽ 18.11.15 വരെ |
| | | ശ്രീ.ബിജു, കൊല്ലശ്ശേരിൽ | 19.11.2015മുതൽ 31.3.2016വരെ. |
| സെക്രട്ടറി | : | ശ്രീമതി.കെ.രശ്മിമോൾ | 1.4.14മുതൽ 11.8.14വരെ. |
| | | ശ്രീ.കെ.അനിൽകുമാർ. | 12.8.14മുതൽ 31.08.14വരെ. |
| | | ശ്രീ.എൻ.ഹരിലാൽ | 01.9.14മുതൽ 31.03.16വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | | ശ്രീമതി.മായാദേവി കുഞ്ഞമ്മ. | 1.4.14മുതൽ 31.3.16.വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | ശ്രീ.അശോകൻ.റ്റി.എം. | 1.4.14മുതൽ 11.9.15FNവരെ |
| | | ശ്രീ.പെന്റാലിയോൺ.കെ.ജെ. | 11.9.15ANമുതൽ 31.3.16 വരെ. |

| | | | |
|---|---|---|---|
| എസ്.സി.ഡവലപ്മെന്റ് ഓഫീസർ. | | ശ്രീമതി.സി.ഗീത. | 1.4.14മുതൽ 10.5.15വരെ |
| | | ശ്രീമതി.അമ്പിളി.കെ.യു. | 11.5.15മുതൽ 31.3.16 വരെ. |
| താലൂക്ക്ആശുപത്രി സൂപ്രണ്ട്. | | ഡോ.ഷേർളി. | 1.4.14മുതൽ 31.3.16വരെ |
| മെഡിക്കൽഓഫീസർ, സി.എച്ച്.സി,തൃക്കുന്നപ്പുഴ. | | ഡോ.ശശികുമാർ. | 1.4.14മുതൽ 12.6.15വരെ |
| | | ഡോ.ജയ.കെ.ബി. | 13.6.15 മുതൽ 24.2.16 വരെ |
| | | ഡോ.ഷിബുജയരാജ്. | 25.2.16 മുതൽ 31.3.16 വരെ. |
| മെഡിക്കൽഓഫീസർ, പി.എച്ച്.സി,ചെറുതന. | | ഡോ.ആർ.ജെ.ശർമ്മ. | 1.4.14മുതൽ 31.3.16വരെ |
| സീനിയർ വെറ്ററിനറിസർജൻ | | ഡോ.വിനയകുമാർ | 1.4.14മുതൽ 31.3.16വരെ |
| സാമൂഹ്യനീതിഓഫീസർ | | ശ്രീമതി.ലൗലിപോൾ | 1.4.14മുതൽ 22.7.15വരെ |
| | | ശ്രീമതി.രാജലക്ഷ്മി. | 23.7.15 മുതൽ 31.3.16വരെ |
| ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ.അനിൽകുമാർ.പി.സി. | 1.4.14മുതൽ 31.3.16വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1മുതൽ 1-9 വരെ |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 2 | ഹരിപ്പാട് താലൂക്ക് ആശുപത്രിക്ക് അനുബന്ധ സൗകര്യമൊരുക്കൽ- കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി – 68230രൂപയുടെ നഷ്ടം | 3-1 |
| 3 | തരിശുപൂരയിട കൃഷി-സബ്സിഡി തുക ചെലവഴിക്കാതെ അവശേഷിക്കുന്നു. | 3-2 |
| 4 | കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല – 11900/-രൂപയുടെ നഷ്ടം | 3-3 |
| 5 | അനിവാര്യമല്ലാത്ത മേഖലകൾക്കായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു | 3-4 |
| 6 | മൂലശ്ശേരി – മേത്തറ റോഡ് പുനരുദ്ധാരണം(2014-15) ടാറിംഗ് പ്രവൃത്തിയുടെ അളവിൽ അവ്യക്തത | 3-5 |
| 7 | കോട്ടായിൽ – കോളച്ചിറ റോഡ് പുനരുദ്ധാരണം (നം.11/15) നിർമ്മാണ പ്രവർത്തനത്തിലെ സാങ്കേതികത സംശയാസ്പദം | 3-6 |
| 8 | വികലാംഗർക്ക് സൈഡ് വീലുള്ള മോട്ടോർ വാഹനം – ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി, ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ ഹാജരാക്കിയില്ല | 3-7 |
| 9 | എസ്.എച്ച്.ജി കൾക്ക് സ്വയംതൊഴിൽ-പദ്ധതി ധനം പാഴായി | 3-8 |
| 10 | എൻ.ആർ.ഇ.ജി.എസ്-ശില്പശാല ചെലവ് തുക നിരാകരിക്കുന്നു | 3-9 |
| 11 | നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ വികസനഫണ്ട് | 3-10 |

| | | |
|---|---|---|
| | വിനിയോഗിച്ച് മരുന്നു വാങ്ങി | |
| 12 | മുൻകൂർ അനുവദിച്ച തുകകൾ ക്രമീകരിച്ചിട്ടില്ല | 3-11 |
| 13 | ചെലവുരേഖകൾ/ഫയലുകൾ ലഭ്യമാക്കിയിട്ടില്ല | 3-12 |
| 14 | മാടപ്പുരയ്ക്കൽ കുന്നുതറ റോഡ് ടാറിംഗ് – കരുവാറ്റ – RIDF വിഹിതം തിരികെ അടവാക്കേണ്ടതാണ് | 3-13 |
| | ഭാഗം 4 | |
| 15 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1മുതൽ 4-9 വരെ |

# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 <u>പൊതു അവലോകനം</u>

2014-15വർഷത്തെ ബജറ്റ് 26.2.2014 തിയതിയിലെ l3ം നമ്പർ തീരുമാനപ്രകാരവും 2015-16വർഷത്തെ ബജറ്റ് 30.3.2015 തിയതിയിലെ l3ം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

<u>1-2 വാർഷിക ധനകാര്യപത്രിക</u>

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2015 | 16.07.2015 | ഇല്ല. | ഇല്ല. |

<u>1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ, തീയതി |
|---|---|---|
| 2015-16 | 15.11.16 | അനുബന്ധം കാണുക. |

വിശദാംശങ്ങൾക്ക് ഭാഗം 4 കാണുക.

1-4 സാമ്പത്തിക വിശകലനം

| | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 66741490 | 13630741 |
| വരവ് | 107198583 | 166819090 |
| ആകെ | 173940073 | 180449831 |
| ചെലവ് | 160309332 | 128246511 |
| നീക്കിയിരിപ്പ് | 13630741 | 52203320 |

1-5 (a) ഫണ്ട് വിനിയോഗം-2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 929225 | 25263000 | 26192225 | 24125789 | 2066436 | 92% |
| വികസനഫണ്ട് എസ്.സി.പി. | 12751 | 8180000 | 8192751 | 7619103 | 573648 | 93% |
| വികസനഫണ്ട് ടി.എസ്.പി. | _ | 173000 | 173000 | 173000 | _ | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | _ | _ | _ | _ | _ | _ |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 442065 | 4357313 | 4799378 | 2590196 | 2209182 | 54% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | _ | _ | _ | _ | _ | _ |
| പെർഫോമൻസ് ഗ്രാന്റ് | _ | _ | _ | _ | _ | _ |
| എം.എൻ.ആർ.ഇ.ജി.എസ്. | _ | _ | _ | _ | _ | _ |
| ബി ഫണ്ട് | | 901953 | 901953 | 901953 | 0 | 100% |

1-5 (b) ഫണ്ട് വിനിയോഗം-2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2066436 | 24918547 | 26984983 | 26984983 | _ | 100% |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 573648 | 7630100 | 8203748 | 8203748 | _ | 100% |
| വികസനഫണ്ട് ടി.എസ്.പി. | _ | 173000 | 173000 | 173000 | _ | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | _ | _ | _ | _ | _ | _ |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2209182 | 1698157 | 3907339 | 3907339 | _ | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | _ | _ | _ | _ | _ | _ |
| പെർഫോമൻസ് ഗ്രാന്റ് | _ | _ | _ | _ | _ | _ |
| എം.എൻ.ആർ.ഇ.ജി.എസ്. | _ | _ | _ | _ | _ | _ |
| ബി ഫണ്ട് | | 610399 | 610399 | 610399 | 0 | 100% |

1-6(a)പദ്ധതി അവലോകനം-2014-15

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 55 | 58426514 | 41 | 35655283 | 8 | 6 | 75% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-6(b)പദ്ധതി അവലോകനം-2015-16

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 72 | 78240562 | 55 | 41591899 | 7 | 10 | 76% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| മറ്റുവരവുകൾ (2014-15) | 1486195 | 1135112 | 351083 |
| മറ്റുവരവുകൾ (2015-16) | 1135112 | 512902 | 622210 |

1-8 ആഭ്യന്തരനിയന്ത്രണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്കായിരിക്കണം മുൻഗണന നൽകേണ്ടത് എന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് കാർഷിക മേഖലയിൽ ഒരു പദ്ധതി നടപ്പാക്കിയപ്പോൾ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ രണ്ടു വർഷങ്ങളിലും ഒരു പദ്ധതി പോലും നടപ്പാക്കിയില്ല. പദ്ധതി നിർവ്വഹണത്തിൽ ഉൽപ്പാദനമേഖലയ്ക്ക് പ്രാധാന്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടാത്ത ചെലവുകൾക്ക് നിയന്ത്രണമേർപ്പെടുത്താനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.07.16 | 14.01.16മുതൽ 30.6.2016വരെ. | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.09.12മുതൽ 29.9.12 വരെ | 2009-10 മുതൽ 2011-12 വരെ. | 12.12.12 |

## ഭാഗം 2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഹരിപ്പാട് താലൂക്ക് ആശുപത്രിയ്ക്ക് അനുബന്ധ സൗകര്യമൊരുക്കൽ-കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി-68230/-രൂപയുടെ നഷ്ടം.

പ്രോജക്ട് നം : 48/16

നിർവ്വഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ : 2633065 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

2014-15 നിർവ്വഹണം ആരംഭിച്ച് 2015-16 വർഷം പൂർത്തീകരിച്ച 'ഹരിപ്പാട് താലൂക്ക് ആശുപത്രിയ്ക്ക് അനുബന്ധ സൌകര്യമൊരുക്കൽ' എന്ന പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചതിൽ പി.ഉണ്ണികൃഷ്ണൻ, തോംസൺ.കെ.ജോസഫ് എന്നീ രണ്ടു വ്യക്തികൾ 09-01-15 ൽ ടെണ്ടർ സമർപ്പിച്ചിരുന്നു. തോംസൺ.കെ.ജോസഫ് എസ്റ്റിമേറ്റിനെക്കാൾ 7.5% കുറവു രേഖപ്പെടുത്തുകയും ഉണ്ണികൃഷ്ണൻ എസ്റ്റിമേറ്റിനേക്കാൾ 4.23% കുറവു രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ തോംസൺ.കെ.തോമസ് പ്രാഥമിക കരാർ ഉടമ്പടി പത്രത്തിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല എന്നു ഉണ്ണികൃഷ്ണൻ പരാതി നൽകുകയും, പരാതി നിർവ്വഹണ ഉദ്യാഗസ്ഥൻ ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ പരിഗണനയ്ക്കു വിടുകയും ചെയ്തു. 14-01-15 ലെ 2(2) തീരുമാനത്തിൽ, തോംസൺ.കെ.ജോസഫ് ടെണ്ടർ സമർപ്പിച്ചതിൽ ഉള്ളടക്കം ചെയ്തിരുന്ന മുദ്രപത്രത്തിൽ വർക്കിന്റെ പേര് ഉൾപ്പെടെ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടിയാന്റെ ടെണ്ടർ നിരസിക്കുന്നതായും പി.ഉണ്ണികൃഷ്ണന്റെ ടെണ്ടർ അംഗീകരിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഉണ്ണികൃഷ്ണനു ടെണ്ടർ ഉറപ്പിച്ചു നൽകുകയും ചെയ്തു.

ഫയൽ പരിശോധിച്ചതിൽ നിന്നും തോംസൺ.കെ.ജോസഫ് പ്രാഥമിക കരാർ ഉടമ്പടിയിൽ ഒപ്പു രേഖപ്പെടുത്തിയിരുന്നതായും, മുദ്രപത്രം ടിയാന്റെ പേരിൽ വാങ്ങിയിടിട്ടുള്ളതായും കാണുന്നു. മറ്റു വിവരങ്ങൾ ചേർത്തിരുന്നില്ല. ഉണ്ണികൃഷ്ണൻ ഹാജരാക്കിയ കരാർ ഉടമ്പടിയിലും സാക്ഷികളുടെ ഒപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർത്തിരുന്നില്ല. 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ (ജി.ഒ.(പി)13/2012 /PWD/01-02-2012)സെക്ഷൻ 2009.2 അനുസരിച്ച് ടെണ്ടറിലെ നിസ്സാര തെറ്റുകൾ ,ടെണ്ടർ തുറക്കുന്ന ഉദ്യാഗസ്ഥനു മാപ്പാക്കാനും അപാകത തിരുത്തിയ്ക്കാനും അധികാരമുണ്ട്. പ്രാഥമിക കരാർ ഉടമ്പടിയിലെ അപാകത പരിഹരിക്കാൻ അവസരം നൽകാതെ കുറഞ്ഞ നിരക്കു ക്വാട്ട് ചെയ്ത വ്യക്തിയെ ഒഴിവാക്കിയത് തെറ്റായ നടപടിയാണ്. ഇക്കാരണത്താൽ ഈ പ്രോജക്ടിൽ 68230 രൂപയുടെ ((7.5-4.23)x 2086558/100) നഷ്ടം ഉണ്ടായിട്ടുണ്ട്.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.8/29-09-16) നൽകിയ മറുപടിയിൽ, പ്രാഥമിക കരാർ ഉടമ്പടിയിലെ നിസ്സാര പോരായ്മ പരിഹരിച്ച് 7.5% കുറവു രേഖപ്പെടുത്തിയ കരാറുകാരനു പ്രവർത്തി നൽകുന്നതിനാണ് കമ്മറ്റിയ്ക്കു ശുപാർശ ചെയ്തതെന്നു നിർവ്വഹണ ഉദ്യാഗസ്ഥൻ ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന വിവരങ്ങൾ 14-01-15 ലെ മിനട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ 68230 രൂപയുടെ നഷ്ടത്തിനു നിർവ്വഹണ ഉദ്യാഗസ്ഥൻ ഉത്തരവാദിയാണെന്നു വിലയിരുത്തുന്നു. ടി തുക നിർവ്വഹണ ഉദ്യാഗസ്ഥനായിരുന്ന അശോകൻ.റ്റി.എം. ൽ നിന്നും ഈടാക്കേണ്ടതാണ്.

വേലയുടെ ആകെ മൂല്യം 2086558

കരാറുകാരനു നൽകിയത്

ഡി.ഡി.നം/തീയതി, തുക

755786/25-08-15 രൂപ-815146/-

468381/04-04-15 രൂപ-1057956/-

## 3-2 തരിശുപുരയിട കൃഷി – സബ്സിഡി തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

പ്രോജക്ട് നം : 20/16

നിർവ്വഹണം : അസിസ്റ്റന്റ് ഡയറക്ടർ, കൃഷി

2015-16 വർഷം നടപ്പിലാക്കിയ ജെ.എൽ.ജി, എസ്.എച്ച്.ജി, കുടുംബശ്രീ മുഖേന തരിശു പുരയിട കൃഷി എന്ന പദ്ധതിയിൽ 117 ഗ്രൂപ്പുകൾക്കു നിലം ഒരുക്കൽ, വിത്ത്, വളം എന്നിവയ്ക്ക് ആനുകൂല്യം നൽകുന്നതിനായി 4244365 രൂപ വകയിരുത്തിയിരുന്നു. എന്നാൽ 60 ഗ്രൂപ്പുകൾ മാത്രമാണ് ഗുണഭോക്തൃ വിഹിതം ഒടുക്കി പദ്ധതിയുടെ ഭാഗമായത്. ഈ ഗ്രൂപ്പുകൾക്കു പച്ചക്കറി വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ നൽകിയിട്ടുണ്ട്. സാമ്പത്തിക വിശകലനപ്രകാരം ഒരു ഗ്രൂപ്പിനു വളത്തിന്റെ സബ്സിഡി ഇനത്തിൽ അനുവദനീയമായ തുക 1950 രൂപയാണ്. ഒരു ഗ്രൂപ്പിനു 1950 രൂപ ക്രമത്തിൽ 60 ഗ്രൂപ്പുകൾക്കായി ഈയിനത്തിൽ 117000 രൂപ (1950 x 60) ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

കൃഷി നടത്തിയ പല ഗ്രൂപ്പുകൾക്കും വളത്തിന്റെ സബ്സിഡി ലഭിച്ചിട്ടില്ലായെന്ന് അന്വേഷണത്തിൽ അറിയാൻ സാധിച്ചതിനാൽ ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം നൽകുകയുണ്ടായി(നം.1/26-09-16). ഓഡിറ്റ് അന്വേഷണത്തിനു നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ, 34 ഗ്രൂപ്പുകൾക്കു വളത്തിന്റെ സബ്സിഡി ബാങ്ക് അക്കൗണ്ട് വഴി നൽകിയതായും ശേഷിക്കുന്ന 26 ഗ്രൂപ്പുകൾ അക്കൗണ്ട് നമ്പരുകൾ തെറ്റായി നൽകിയതിനാൽ ടി ഗ്രൂപ്പുകളുടെ സബ്സിഡി തുക വിതരണം ചെയ്തിട്ടില്ലായെന്നും ബോധിപ്പിച്ചിട്ടുണ്ട്. 31-03-2016 ൽ പിൻവലിച്ച തുക നാളിതുവരെയും ചെലവഴിക്കാതിരുന്നത് തെറ്റായ നടപടിയാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന 50700 രൂപ (36x1950) തിരികെ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ചെലവുവിവരം: ബിൽ നം./തീയതി, തുക

1/JKA/ADA/HPD/15-16 രൂപ-258890/-

## 3-3 കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല-11900/-രൂപയുടെ നഷ്ടം.

പ്രോജക്ട് നമ്പർ : 40/16

നിർവ്വഹണം : ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

കുമാരപുരം തെക്ക് ഡിവിഷനിൽ വൈപ്പിൻ കാർത്തികപ്പള്ളി ബ്രിഡ്ജ്' എന്ന പദ്ധതി 2013-14 സാമ്പത്തിക വർഷം ആരംഭിച്ച് 2015-16 വർഷം പൂർത്തീകരിച്ചിട്ടുള്ളതാണ്. കെ.കെ.ജയിംസ് എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും 18-10-13 ൽ കരാറുകാരനു സെലക്ഷൻ നോട്ടീസ് നല്കുകയും ചെയ്തിരുന്നു. സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ ചമയ്ക്കാനുള്ള തീയതി 13-11-13 വരെയും 1% പിഴയോടു കൂടി 23-11-2013 വരെയുമായിരുന്നു. എന്നാൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളത് 15-01-14 ൽ മാത്രമാണ്. ഇതു പ്രകാരം കരാർ തുകയുടെ 1% തുകയായ 11900 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്നു. ഒന്നാം പാർട്ട് ബില്ലിൽ ഫൈൻ ഈടാക്കിയിരുന്നില്ല. 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച് പരാമർശം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഫൈനൽ ബില്ലിലും പിഴ ഇനത്തിലുള്ള തുക ഈടാക്കിയിട്ടില്ല. ഫൈൻ ഈടാക്കാതെ മുഴുവൻ തുകയും നൽകിയതുമൂലം അധികമായി ചെലവായ 11900/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രവർത്തിയ്ക്കായി വകയിരുത്തിയിരുന്നത് 1190000 രൂപയാണ്.(390000 വികസന ഫണ്ട്+800000 RIDF) പ്രവർത്തിയുടെ ആകെ മൂല്യം 1094109 രൂപയാണ്. ഇതനുസരിച്ച് വികസനഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന തുക 358574 രൂപയാണ്. എന്നാൽ 390000 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു. വികസന ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 31426 രൂപ ക്രമീകരിച്ചിട്ടില്ല. ഒന്നാം പാർട്ട് ബില്ലിൽ റിട്ടെൻഷനായി പിടിച്ച 51645 രൂപ തനതുഫണ്ടിൽ അവശേഷിക്കുന്നു. റിട്ടെൻഷൻ ഉൾപ്പെടെയുള്ള തുക ഫൈനൽ ബില്ലിൽ RIDF വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. റിട്ടെൻഷൻ തുക ക്രമീകരിച്ചിട്ടില്ല. RIDF വിഹിതം 800000 രൂപ ലഭിച്ചതിൽ മിച്ചം വരുന്ന 64465 രൂപ തിരികെ അടവാക്കിയിട്ടില്ല.

മേൽ വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന (നം.2/27-09-16) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കുന്നതാണെന്നും വിവിധ ഫണ്ടുകളിൽ അവശേഷിക്കുന്ന തുകകൾ ക്രമീകരിക്കുന്നതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കരാറുകാരനു നൽകിയ തുകകളുടെ വിവരം:
ഡിഡി നം./തീയതി, തുക

326192/21-04-14 രൂപ-312534

753245/30-01-16 രൂപ-726867.

## 3-4 അനിവാര്യമല്ലാത്ത മേഖലകൾക്കായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു.

കേരളാപഞ്ചായത്ത് രാജ് ആക്ട്,1994, സെക്ഷൻ 172 (1)ാം ഉപവകുപ്പ് 4)ാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽ ഉൾപ്പെടാത്ത ചുവടെ ചേർക്കുന്നവയ്ക്കായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

| ക്രമനം. | ചെലവ് വിവരം | ചെക്ക് നം.,തുക. |
|---|---|---|
| 1. | ജ്വാല-2015(കേരളോത്സവ വിജയികളെയും പത്താം തരം തുല്യതാ ഒമ്പതാം ബാച്ച് വിജയികളെയും അനുമോദിക്കൽ,പത്താം തരം തുല്യത അദ്ധ്യാപകരെ ആദരിക്കൽ.) | 7500/- (ചെക്ക് നം.177965/ 31.3.15) |
| 2. | ജ്വാല-2016(കേരളോത്സവ വിജയികളെ അനുമോദിക്കൽ, പത്താം തരം തുല്യത അദ്ധ്യാപകരെ ആദരിക്കൽ, പത്താം തരം തുല്യതാ ബാച്ചിന്റെ ഉത്ഘാടനം). | 10,000/- (ചെക്ക് നം.903305/ 29.01.16) |
| 3. | അതുല്യം.(സമ്പൂർണ്ണ പ്രാഥമികവിദ്യാഭ്യാസം നേടിയ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായുള്ള അക്ഷരശില്പ കൈമാറലും പത്താം തരം തുല്യത ഒമ്പതാം ബാച്ച് ഉത്ഘാടനവും.) | 7500/-(171792 /29.11.14) |
| 4. | വായനാദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം. | 6164/-(2794588 /27.08.14) |
| 5. | ഹരിപ്പാട് മെഡിക്കൽ കോളേജ് ശിലാസ്ഥാപനത്തിന് കമാനം സ്ഥാപിക്കൽ. | 7500/-(903332 /19.03.16) |

| | | |
|---|---|---|
| | ആകെ | 38664. |

ചെലവുകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.5ന് മറുപടി നൽകിയില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽ ഉൾപ്പെടാത്തവയ്ക്ക് തുക ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-5 മൂലശ്ശേരി - മേത്തറ റോഡ് പുനരുദ്ധാരണം (2014 - 15).ടാറിംഗ് പ്രവൃത്തിയുടെ അളവിൽ അവ്യക്തത.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിനൊപ്പമുള്ള സ്കെച്ച്/സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ, റോഡിന്റെ നീളം ഏകദേശം 500.മീറ്ററാണെന്നും ഈ റോഡിന്റെ രണ്ട് അഗ്രങ്ങളും മുൻപുതന്നെ ടാർ ചെയ്തിട്ടുള്ളതാണെന്നും കാണുന്നു. അതുപോലെതന്നെ ഈ സ്കെച്ചനുസരിച്ച് 25 മീറ്റർ റീ ടാർ ചെയ്യേണ്ടതാണെന്നും 200+30 മീറ്റർ അറ്റകുറ്റപ്പണിയും ടാറിംഗും നടത്തേണ്ടതുമാണ്. എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അളവുപുസ്തകം(നം.04/AEE/14–15) എന്നിവ പരിശോധിച്ചതിൽ സ്കെച്ചിനനുസൃതമായല്ല പ്രവൃത്തി നിർവ്വഹിച്ചതെന്നു കാണുന്നു. പ്രവൃത്തിയുടെ ഇനം 5 പ്രകാരം 30m x 3.20m അളവിൽ ഗ്രേഡഡ് മെറ്റലുപയോഗിച്ച് സബ് ബെയ്സ് മെറ്റലിംഗ് നടത്തിയിട്ടുള്ളതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പേജ് നം.5,6,7എന്നിവകൾ കാണുക.) തുടർന്ന് പ്രവൃത്തിയുടെ ഇനം 6പ്രകാരം 36mm മെറ്റലുപയോഗിച്ച് 214m x 3 m അളവിൽ ബേസ് കോഴ്സും നടത്തിയിട്ടുള്ളതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പേജ് നം.8,9,10 കാണുക). അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഇനം 9 ആയി ചെയ്ത ടാറിംഗ് പ്രവൃത്തി(chipping carpet over WBM surface)യുടെ അളവ് 334 x 3 മീറ്ററാണ്(പേജ് നം.12,13 കാണുക). അസിസ്റ്റന്റ് എൻജിനിയർ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ അംഗീകരിച്ച പ്രവൃത്തിയുടെ സൈറ്റ് പ്ലാനിൽ നിന്നും വിഭിന്നമായി അതായത് ഏകദേശം 500 m നീളമുള്ളതും രണ്ട് അഗ്രങ്ങളും മുൻപുതന്നെ ടാർ ചെയ്തിട്ടുള്ളതുമായ റോഡിന്റെ ടാർ ചെയ്യുവാൻ അവശേഷിക്കുന്നതും ബേസ് കോഴ്സ് പ്രവൃത്തി ചെയ്തിട്ടുള്ളതുമായ അളവ് 214 മീറ്റർ മാത്രമാണെന്നിരിക്കെ 334 മീറ്റർ നീളത്തിൽ ടാറിംഗ് നടത്തിയെന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തി തുക ചെലവഴിച്ചത് ശരിയല്ല. ഈ രീതിയിൽ അതായത് വസ്തുതകൾക്ക് വിരുദ്ധമായി ടാറിംഗ് പ്രവൃത്തി നടത്തിയെന്ന് രേഖപ്പെടുത്തി തുക ചെലവഴിച്ചതിനാൽ വികസനഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്. ക്രമവിരുദ്ധമായി പ്രവൃത്തി നടത്തിയതിനാൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അളവുപുസ്തകം പ്രകാരം റോഡ് ടാർ ചെയ്ത അളവും ചെലവും.

334 x 3 =1002$m^2$
1002 x 1928/10 =193186.രൂ.

സൈറ്റ് പ്ലാൻ അനുസരിച്ച് ടാർ ചെയ്യേണ്ട അളവും അനുവദനീയമായ ചെലവും.

214 x 3 = 642$m^2$
642 x 1928/10 = 123778.രൂ.

അധികച്ചെലവ് - 69,408.രൂ.

(ചെലവു വിവരം: ഡി.ഡി.നം.901713/13.01.15-466676.)

ഈ പ്രവൃത്തിയുടെ നിർവ്വഹണത്തെപ്പറ്റി വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

## 3-6 കോട്ടായിൽ - കോളച്ചിറ റോഡ് പുനരുദ്ധാരണം (നം.11/15.)നിർമ്മാണ പ്രവൃത്തനത്തിലെ സാങ്കേതികത സംശയാസ്പദം.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ തയ്യാറാക്കിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് അനുസരിച്ച് ആകെ 365 മീറ്റർ നീളമുള്ള റോഡിന്റെ 105 മീ.ഭാഗം ബേസ് മെറ്റലിംഗും സബ് ബേസ് മെറ്റലിംഗും ഇളകി മാറിയതാണെന്നും ഇവിടെ പുതിയ നിർമ്മാണ പ്രവൃത്തനം നടത്തി ടാറിംഗ് നടത്തുകയും ബാക്കി 260 മീറ്ററിൽ റീടാറിംഗ് നടത്തുകയുമെന്നതാണ് പദ്ധതി. 15.സെ.മി കനത്തിൽ നിർവ്വഹിച്ചിട്ടുള്ള ബേസ്, സബ് ബേസ്

എന്നിവകൾ ഇളകിപ്പോയ സാഹചര്യത്തിൽ പുതിയതായി അവ നിർമ്മിക്കുമ്പോൾ നിലവിൽ റോഡുണ്ടായിരുന്ന സ്ഥലം പിക്ക് ചെയ്ത് സെക്ഷനിംഗ് നടത്തി ഉപയോഗയോഗ്യമായ മെറ്റൽ സ്റ്റാക്ക് ചെയ്ത് ഇതിനനുസൃതമായി വേണം ആവശ്യമായ മെറ്റലിന്റെ അളവ് കണക്കാക്കി പ്രവൃത്തി നടത്തേണ്ടത്. എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ മുകളിൽ പരാമർശിച്ച ഇനങ്ങളൊന്നും തന്നെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചിട്ടില്ല. പകരം ഇനം 5 ആയി 105 മീറ്റർ നീളത്തിൽ സബ് ബേസ് മെറ്റലിംഗും ഇനം 6ആയി ബേസ് മെറ്റലിംഗുമാണ് നിർവ്വഹിച്ചിട്ടുള്ളത്.(അളവു പുസ്തകം പേജ് നം.3,4,5,7,8,9 എന്നിവ കാണുക). നിലവിൽ ടാർഡ് പ്രതലമുള്ള സ്ഥലം ഈ രീതിയിൽ റീ മെറ്റലിംഗ് നടത്തുകയെന്നത് സാങ്കേതികമായി ശരിയല്ല. ആയതിനാൽ ഈ പ്രവൃത്തിക്കുവേണ്ടി ചെലവഴിച്ച 4,69,451/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഡി.ഡി.നം.465378/16.2.16). ഈ വേലയുടെ നിർവ്വഹണത്തെപ്പറ്റി വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

## 3-7 <u>വികലാംഗർക്ക് സൈഡ് വീലുള്ള മോട്ടോർ വാഹനം:-ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി,ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ ഹാജരാക്കിയില്ല.</u>

പ്രോജക്ട് നം.SOO 18/16

ബിൽ നം.01/15-16 തീയതി-16.10.2015, ചെലവ്-15,49,975/-

ഗ്രാമസഭകൾ അംഗീകരിച്ച നൽകിയ ഗുണഭോക്തൃലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി അർഹരായവരെ കണ്ടെത്തിയ പദ്ധതിയിൽ ഇരുപത്തിയഞ്ച് പേർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. 25.03.2015 ലെ റീടെന്റർ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത എവർ ഗ്രീൻ യമഹ, തിരുവമ്പാടി, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും സൈഡ് വീലോടുകൂടിയ യമഹ സ്കൂട്ടർ ആണ് വാങ്ങിയത്. പദ്ധതി നിർവ്വഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>എ).ഗ്രാമസഭാ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി-ചെലവ് തുക നിരാകരിക്കുന്നു</u>

ഹരിപ്പാട് ബ്ലോക്ക് കമ്മറ്റിയുടെ 15.06.15ലെ ll(i))ം നം തീരുമാന പ്രകാരം അംഗീകാരം നൽകി ആനുകൂല്യം നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന വ്യക്തികൾ ബന്ധപ്പെട്ട ഗ്രാമസഭകൾ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

എ).കർമ്മചന്ദ്രൻ, പത്തിശ്ശേരി തെക്കതിൽ, കരുവാറ്റ.

ബി).ഉണ്ണികൃഷ്ണപിള്ള (ഉണ്ണിപിള്ള), ഉദയഭവനം, കരുവാറ്റ.

സി).അമ്പിളി.പി.വിളയിൽവടക്കതിൽ, താമല്ലാക്കൽ, കുമാരപുരം.

ഗ്രാമസഭ അംഗീകരിച്ച് ബ്ലോക്ക് പഞ്ചായത്തിന് നൽകിയ ലിസ്റ്റിൽ അർഹരായ വ്യക്തികൾ ഉണ്ടായിരിക്കേ അതിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയ നടപടി ക്രമപ്രകാരമല്ല. ആയതിനാൽ, ടി വ്യക്തികൾക്ക് ആനുകൂല്യത്തിനായി അനുവദിച്ച 185997/-(61999x3) രൂപ 15.06.15ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

<u>ബി).അർഹത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു</u>

വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനാൽ ഗുണഭോക്താവിന് മുൻപ് ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് നിർവ്വഹണ ഉദ്യോഗസ്ഥ ക്യാമ്പ് സംഘടിപ്പിക്കുന്ന വേളയിൽ തന്നെ ഉറപ്പാക്കേണ്ടതാണ്. വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്, ഗുണഭോക്താവിന് പ്രസ്തുത വാഹനം ഓടിക്കാനുള്ള ഇൻവാലിഡ് കാരിയേജ് ലൈസൻസ് എന്നിവയും ഉണ്ടായിരിക്കേണ്ടതാണ്. മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിക്കപ്പെട്ടു എന്ന് ഉറപ്പാക്കുന്നതിനായി, ഗുണഭോക്താക്കള നൽകിയ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.7 നുള്ള മറുപടിക്കൊപ്പം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല. ആവശ്യമായ രേഖകളുടെ അഭാവത്തിൽ നിരാകരിച്ച 185997/-രൂപ കഴിച്ചുള്ള ചെലവ് തുക 1363978/-(1549975-185997) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-8 എസ്.എച്ച്.ജി കൾക്ക് സ്വയംതൊഴിൽ - പദ്ധതി ധനം പാഴായി

2014-15 ലെ 30-ാം നമ്പർ പ്രോജക്റ്റ് പ്രകാരം സെൽഫ് ഹെൽപ് ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് തയ്യൽ യൂണിറ്റും പേപ്പർ ക്യാരിബാഗ് യൂണിറ്റും സ്ഥാപിക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി താഴെപ്പറയും പ്രകാരം 14,07,000/-ചെലവു ചെയ്തു.

| | തയ്യൽ യൂണിറ്റ് | പേപ്പർ ക്യാരിബാഗ് യൂണിറ്റ് | ബിൽ നം/തീയതി |
|---|---|---|---|
| സബ്സിഡി | 384000/-<br>(12 യൂണിറ്റ് @32000) | 393000/-<br>(3യൂണിറ്റ് @131000) | 2/14-15/31.3.15 |
| പരിശീലനം | 540000/-<br>(10 പേർ 12യൂണിറ്റ് @4500) | 90000/-<br>(10പേർ 3 യൂണിറ്റ് @3000) | 3/14-15/31.3.15 |
| | 924000 | 483000 | |
| ആകെ | 14,07,000/- | | |

പദ്ധതി ധനത്തിൽ നിന്നുള്ള ധനസഹായം കൂടാതെ തയ്യൽ യൂണിറ്റുകൾക്ക് 7,20,000/-രൂപയും (60000x12യൂണിറ്റ്) പേപ്പർ ക്യാരി ബാഗ് യൂണിറ്റുകൾ 393000/-രൂപയും (131000x3)ബാങ്ക് വായ്പയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സർക്കാർ ധനസഹായം ഉപയോഗിച്ച് സ്വയംതൊഴിൽ കണ്ടെത്താതെ ആയത് ദുർവിനിയോഗം ചെയ്തതായിട്ടാണ് കാണുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. സ്വയംതൊഴിൽ യൂണിറ്റ് ആരംഭിക്കുന്നതിന് അനുവദിച്ച വായ്പതുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പിൻവലിച്ച് യൂണിറ്റ് അംഗങ്ങൾ വിനിയോഗിച്ചതിനുശേഷം, സബ്സിഡിയായി നൽകിയ പദ്ധതിധനം ഉപയോഗിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ അടച്ചു തീർക്കുക ആയിരുന്നു എന്നാണ് ഓഡിറ്റ് ടീം ധനകാര്യ സ്ഥാപനങ്ങളിൽ നടത്തിയ അന്വേഷണത്തിൽ വ്യക്തമായത്. സ്വയംതൊഴിൽ യൂണിറ്റ് ഒന്നുപോലും ആരംഭിച്ചില്ല.
2. തയ്യൽ യൂണിറ്റ് അംഗങ്ങൾക്ക് പരിശീലനം നൽകാൻ (പരിശീലന കാലയളവ് 2 മാസം) 5,40,000/- (ഒരംഗത്തിന് 4500/- നിരക്കിൽ 10 പേരുള്ള 12 യൂണിറ്റുകൾക്ക് 5,40,000) പേപ്പർ ക്യാരിബാഗ് നിർമ്മാണത്തിന് 15 ദിവസത്തെ പരിശീലനം നൽകുന്നതിന് ഒരംഗത്തിന് 3000/-നിരക്കിൽ 10 പേരുള്ള 3 യൂണിറ്റുകൾക്ക് 90,000/-രൂപയും (ആകെ 6,30,000/-) സി.എം.ഡി. എന്ന സ്ഥാപനത്തിനു നൽകി. പരിശീലനത്തിന് ഇപ്രകാരം പണം നൽകിയതിന്റെ രേഖയല്ലാതെ, പരിശീലനം എവിടെ വച്ച് എന്നു നടത്തി, പരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർ വിവരം പരിശീലനത്തിനുശേഷം നൽകുന്ന സർട്ടിഫിക്കറ്റ് മുതലായ ഒരു വിവരവും ഇല്ല. ഇതിൽ നിന്നും പരിശീലനം നടത്തിയിട്ടില്ല എന്നാണ് വ്യക്തമാകുന്നത്.

   മേൽ വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.7) ഓഡിറ്റ് സമയത്തെ നിർവ്വഹണ ഉദ്യോഗസ്ഥ, പദ്ധതി നടപ്പാക്കിയ ഉദ്യോഗസ്ഥ – സി.ഡി.പി.ഒ – മറുപടി നൽകുമെന്നറിയിച്ചു. എന്നാൽ പദ്ധതി നടപ്പാക്കിയ ഉദ്യോഗസ്ഥയും മറുപടി നൽകിയില്ല. സ്വയംതൊഴിൽ ആരംഭിക്കുന്നതിനു നൽകിയ പദ്ധതിധനം ദുർവിനിയോഗം ചെയ്തതിനാൽ ചെലവ് 14,07,000/-ഓഡിറ്റിൽ അനുവദിക്കുന്നില്ല. ടി തുക സബ്സിഡി കൈപ്പറ്റിയ യൂണിറ്റംഗങ്ങളിൽ നിന്നും പരിശീലനത്തിനുള്ള തുക കൈപ്പറ്റിയ സി.എം.ഡിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അതിനു കഴിയുന്നില്ലെങ്കിൽ പദ്ധതി ധനം ദുർവിനിയോഗം ചെയ്യാൻ ഇടയാക്കിയ സി.ഡി.പി.ഒ-ൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 എൻ.ആർ.ഇ.ജി.എസ്-ശില്പശാല-ചെലവ് തുക നിരാകരിക്കുന്നു.

ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളിലെ പുതുതായി തെരഞ്ഞെടുത്ത ജനപ്രതിനിധികൾക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് അറിവ് നൽകുന്നതിനായി 14.12.16തീയതിയിൽ ജോയിന്റ് ബി.ഡി.ഒയുടെ നേതൃത്വത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് തങ്ങളുടെ പ്രവർത്തനമേഖലകളിൽ പരിജ്ഞാനം നൽകുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സർക്കാർ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) സംഘടിപ്പിക്കുന്നുണ്ട്. ആയതിനാൽ ഇത്തരത്തിലൊരു പരിപാടി ഗവൺമെന്റിന്റെ മുൻകൂർ അനുവാദമില്ലാതെ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നടപ്പാക്കേണ്ട ആവശ്യമില്ല. പരിശീലന പരിപാടിക്കായി തനതുഫണ്ടിൽ നിന്നും ചെലവഴിച്ച 27945/-രൂപ (ചെക്ക് നം.903312/5.2.16) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ വികസനഫണ്ട് വിനിയോഗിച്ച് മരുന്നു വാങ്ങി.

സ.ഉ (എം.എസ്സ്.) നം.362/2013/തസ്വഭവ/16.11.2013 ലെ അനുബന്ധം 1,7(ii) ലെ വ്യവസ്ഥ അനുസരിച്ച് ഡി.എം.ഒ യിൽ നിന്നും ലഭിക്കുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വേണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട് വിനിയോഗിച്ച് മരുന്നു വാങ്ങൽ നടത്തേണ്ടത്. ഈ നിർദ്ദേശം പാലിക്കാതെ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഹരിപ്പാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിലെ സൂപ്രണ്ട് വികസനഫണ്ടിൽ നിന്നും 50,000രൂ ഹരിപ്പാട് കാരുണ്യ ഫാർമസിയിൽ നിന്നും മരുന്നുവാങ്ങുന്നതിനു വേണ്ടി ചെലവഴിച്ചു(ബിൽ നം.3/15 – 16/1,00,000രൂ. ഇതിൽ 50,000രൂ) സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഈ രീതിയിൽ വികസന ഫണ്ട് ചെലവഴിച്ചത് ശരിയായ നടപടിയല്ല. ആയതിനാൽ 50,000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/27.9.16.)മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-11 മുൻകൂർ അനുവദിച്ച തുകകൾ ക്രമീകരിച്ചിട്ടില്ല

2014-15 വർഷം ജി.ഇ.ഒ. മുൻകൂറായി കൈപ്പറ്റിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | വൌച്ചർനം./ചെക്ക്നം. | തുക |
|---|---|---|
| 1. | ചെക്ക് നം.2794572/30.6.14 (ലോക പരിസ്ഥിതിദിനം-ശുചിത്വാചരണം.) | 4,000/- |
| 2. | ചെക്ക് നം.1717935/16.1.15 (2015-16വർഷത്തെ പദ്ധതി രൂപീകരണം) | 15,000/- |
| 3. | ചെക്ക് നം.1717949/20.2.15 (2015-16വർഷത്തെ പദ്ധതി രൂപീകരണം) | 15000/- |
| | ആകെ | 34000/- |

മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.6നുള്ള മറുപടിയിൽ മേൽ വിവരിച്ചവ ക്രമീകരിച്ചതിന്റെ വിവരം നൽകിയില്ല. ജി.ഒ.(പി) 419/2011ധനം 4.10.11 ഉത്തരവ് പ്രകാരം മൂന്ന് മാസത്തിനകം ക്രമീകരിക്കാത്ത മുൻകൂറുകൾക്ക് പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. ഇത് പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പലിശ സഹിതം തുക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ചെലവു രേഖകൾ/ഫയലുകൾ ലഭ്യമാക്കിയിട്ടില്ല

വികസനഫണ്ടിൽനിന്നും താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകൾക്കാധാരമായ ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ബിൽ നം & തീയ്യതി. | തുക.(രൂ.) |
|---|---|---|
| 1. | 2/14-15 /22.09.2014 | 34,735. |
| 2. | 4/14-15 /21.11.2014. | 177,120. |
| | ആകെ | 211,855. |

ചെലവുരേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.3/27.9.16)ക്ക് മറുപടി ലഭ്യമാക്കുകയോ ആവശ്യമായ ഫയലുകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ചെലവുരേഖകൾ ലഭ്യമല്ലായെങ്കിൽ 211,855.രൂ. ചെലവിനുത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രീമതി.ഡോ.ജെ.ഷേർലി, സൂപ്രണ്ട്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന്റെ ബാധ്യതയായി പരിഗണിച്ച് ആയവരിൽ നിന്നും ഈടാക്കേണ്ടതാണ്. ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 മാടപ്പുരയ്ക്കൽ കുന്നുതറ റോഡ് ടാറിംഗ് -കരുവാറ്റ - RIDF വിഹിതം തിരികെ അടവാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ : 38/16

നിർവ്വഹണം : ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി

അടങ്കൽ : 1790000 (605000 വികസനഫണ്ട് + 1185000 RIDF)

2013-14 ൽ ആരംഭിച്ച് 2015-16 ൽ പൂർത്തീകരിച്ച മാടപ്പുരയ്ക്കൽ കുന്നുതറ റോഡ് ടാറിംഗ് എന്ന പ്രവർത്തി നിർവ്വഹിച്ചിട്ടുള്ളത് ഗുരുദേവ കൺസ്ട്രക്ഷൻ കമ്പനി എന്ന സ്ഥാപനമാണ്. സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ എസ്റ്റിമേറ്റ് തുകയുടെ ടെണ്ടറിൽ 0.01% കുറവു രേഖപ്പെടുത്തിയിരുന്നു. 18-10-13 ൽ നൽകിയ നെഗോസിയേഷൻ ലെറ്ററിൽ 0.1% കുറവിൽ പ്രവർത്തി ചെയ്യുന്നതിനു സമ്മതിച്ചിരുന്നു. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ 0.01% കുറവു മാത്രമാണ് വരുത്തിയത്. ഇക്കാരണത്താൽ 1461 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ടി തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

ഈ പ്രവർത്തിയുടെ ആകെ മൂല്യം 1622893 രൂപയാണ് പദ്ധതിയ്ക്കായി RIDF വിഹിതം വകയിരുത്തിയിരുന്നത് 1185000 രൂപയാണ്. എന്നാൽ 1074410 രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. RIDF വിഹിതത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയായ 110590 രൂപ തിരികെ അടവാക്കിയിട്ടില്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.4/27-09-16) സെക്രട്ടറി നൽകിയ മറുപടിയിൽ 1461 രൂപ തിരികെ ഈടാക്കുന്നതാണെന്നും ചെലവഴിക്കാതെ അവശേഷിക്കുന്ന RIDF വിഹിതം തിരിച്ചടയ്ക്കുന്നതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കരാറുകാരനു നല്കിയ തുകയുടെ വിവരം ഡിഡി നം./തീയതി, തുക

832501/12-04-2014 രൂപ-497050

090320/28-12-15 രൂപ-956351

1717955/10-03-15 രൂപ-71966

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1(എ). വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിശദാംശങ്ങൾ

1. വികസനഫണ്ടിൽ നിന്നുള്ള ആകെ ചെലവ് പത്രിക ബി-3, പത്രിക I-6 എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
2. ബാലൻസ് ഷീറ്റ് പത്രിക ബി4-ൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമല്ല.

എ) Contribution for joint venture projects from village panchayat – 1,89,01,905

ബി) Contribution for joint venture projects from District panchayat – 97,83,000

സി) Contribution for joint venture projects from Block panchayat – 1,00,82,741

3. ബാലൻസ് ഷീറ്റ് പത്രിക ബി5-ലെ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. Fixed Asset (പത്രിക B-11) തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

5. ഇൻകം & എക്സ്പെൻറിച്ചർ പത്രിക I6ൽ രേഖപ്പെടുത്തിയിരിക്കുന്ന MG(NR) വരവ് തുക എസി.ആറുമായി പൊരുത്തപ്പെടുന്നില്ല. TSC, NABARD എന്നിവയുടെ വരവും കൃത്യമല്ല.

4-1(ബി). സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക ലഭിച്ച വർഷം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 2014-15 | 8പഞ്ചായത്തുകൾ | 21993473 | ഐ.എ.വൈ. | 21993473 | _ |
| 2015-16 | 8പഞ്ചായത്തുകൾ | 27727797 | ഐ.എ.വൈ | 27727797 | _ |

4-2. ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല.

4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി. | ലഭ്യമല്ല. | 9414560 | 5879822 | 941456 | - | 4938366 |

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6. ഓഡിറ്റ് റിക്കവറി

ഇല്ല.

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-13 | 2007-08 | 3-30 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ സമിതി കൺവീനർ മുഖേന വേലകൾ നിർവ്വഹിച്ചു. | നിയമസഭാ സമിതിയ്ക്ക് മറുപടി നൽകി. |

4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | | |
|---|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 2014-15 | 107198583 |
| | | 2015-16 | 166819090 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 2014-15 | 160309332 |
| | | 2015-16 | 128246511 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1690633 | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 2607860 | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 68230 | ശ്രീ.റ്റി.എം.അശോകൻ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ. |
| 3-7 | | 185997/- | സെക്രട്ടറി (ശ്രീ.എൻ.ഹരിലാൽ), 15.6.2015ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ<br>(അനുബന്ധം കാണുക) |
| 3-8 | | 1407000/- | ശ്രീമതി.ലൗലി പോൾ, സി.ഡി.പി.ഒ. |
| 3-9 | | 27945/- | ശ്രീമതി.സൈരന്ധ്രി, ജോയിന്റ് ബി.ഡി.ഒ. |
| 3-13 | | 1461/- | ശ്രീ.റ്റി.എം.അശോകൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| ആകെ | | 1690633/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 11900 | ശ്രീ.എൻ.ഹരിലാൽ, സെക്രട്ടറി |
| 3-5 | 466676 | ശ്രീ.റ്റി.എം.അശോകൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-6 | 469451 | ശ്രീ.റ്റി.എം.അശോകൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-7 | 1363978 | ശ്രീമതി.രാജലക്ഷ്മി, സി.ഡി.പി.ഒ. |
| 3-10 | 50000 | ഡോ.ജെ.ഷേർളി,സൂപ്രണ്ട്, താലൂക്ക് ആശുപത്രി. |
| 3-11 | 34000 | ശ്രീ.സന്തോഷ് ജീവ്.റ്റി. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-12 | 211855 | ഡോ.ജെ.ഷേർളി,സൂപ്രണ്ട്, താലൂക്ക് ആശുപത്രി. |

| | | |
|---|---|---|
| ആകെ | 2607860 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം: ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ: ഖ.3-5, 3-6

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അശോകൻ.റ്റി.എം.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്. | തൈക്കൂട്ടത്തിൽ, (ഗുരുധന്യ.), കലവൂർ.പി.ഒ,ആലപ്പുഴ. |
| ശ്രീ.എൻ.ഹരിലാൽ,സെക്രട്ടറി | സെക്രട്ടറി, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്. | ലാൽഭവൻ, പായിക്കുഴി, ഓച്ചിറ. |
| ശ്രീ.സന്തോഷ് ജീവ്.റ്റി. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | | സേക്രഡ് ഹാർട്ട്, അഞ്ചൽ തെങ്ങ്, കരുമാനൂർ, പാറശ്ശാല.പി.ഒ. |
| ശ്രീമതി.ലൗലി പോൾ, സി.ഡി.പി.ഒ. | സി.ഡി.പി.ഒ, മുഖത്തല, കൊല്ലം. | പുലിമുഖത്ത് വീട്, PNRA 10, NPC റോഡ്, പേരൂർക്കട.പി.ഒ. തിരുവനന്തപുരം |
| ശ്രീമതി.സൈരന്ധ്രി.സി ജോയിന്റ് ബി.ഡി.ഒ. | ജോയിന്റ് ബി.ഡി.ഒ. ഹരിപ്പാട് ബ്ലോക്ക് | സജീവ് ഭവൻ, കുമാരപുരം ഹരിപ്പാട് |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2003-04മുതൽ 2008-09വരെ. | എൽ.എഫ്.ജി.എ5/ ബി.പി.അദാലത്ത്.26(78) | |
| 2009-10 | എൽ.എഫ്.എ. ബി.പി.1770/11/31.05.12 /13.08.12 | |
| 2010-11& 2011-12 | എൽ.എഫ്.എ. ബി.പി./1084/13/21.10.13 | |
| 2012-13 | എൽ.എഫ്.എ.ബി.പി./368 /15/9.3.2015/7.5.15 | |
| 2013-14 | കെ.എസ്.എ- എ.പി.ഇസഡ്- ബി.പി.1054/2015 /03.8.2015/7.9.2015 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ

അനുബന്ധം

15.06.2015ലെ കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ

| ക്രമ നം. | പേര് | സ്ഥാനം | മേൽവിലാസം | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | ഇന്ദിരാമ്മ ടീച്ചർ | പ്രസിഡന്റ് | അശ്വതി, വേട്ടുവേനി, ഹരിപ്പാട്.പി.ഒ 690550 | |
| 2 | എം.ആർ.ഹരികുമാർ | വൈസ് പ്രസിഡന്റ് | തഴൂർമഠം, ആനാരി, ചെറുതന.പി.ഒ | |
| 3 | സി.സുജാത | മെമ്പർ | പത്മവല്ലികരയിൽ, കരുവാറ്റ സൗത്ത്, കരുവാറ്റ.പി.ഒ 690517 | |
| 4 | എസ്.ദീപു | മെമ്പർ | ശ്രീനിലയം, പിലാപ്പുഴ, ഹരിപ്പാട്.പി.ഒ. | |
| 5 | സിന്ധു മോഹനൻ | മെമ്പർ | മണ്ണംപറമ്പിൽ, താമല്ലാക്കൽ സൗത്ത്, താമല്ലാക്കൽ.പി.ഒ. 690549 | |
| 6 | ബിജ്ജ കൊല്ലശ്ശേരി | മെമ്പർ | കൊല്ലശ്ശേരിതറയിൽ, ഹരിപ്പാട്, മുട്ടം.പി.ഒ 690511 | |
| 7 | റാഷിദ ബഷീർ | മെമ്പർ | ഫായിസ് നിവാസ്, പള്ളിപ്പാട്ടുമുറി, തൃക്കുന്നപ്പുഴ 690515 | |
| 8 | ഉഷ കമലാകരൻ | മെമ്പർ | രേവതി, കാർത്തികപ്പള്ളി, വലിയപറമ്പ്.പി.ഒ. 690 516 | |
| 9 | കെ.മോഹനൻ | മെമ്പർ | മീനത്തേൽപറമ്പിൽ, തുലാംപറമ്പ് നടുവത്ത്, മണ്ണാറശ്ശാല.പി.ഒ. 690 550 | |
| 10 | പി.ഓമന | മെമ്പർ | കുന്നിത്തറ, മാന്നാർ, മേൽപാടം.പി.ഒ 689 627 | |
| 11 | എസ്.സുരേഷ് | മെമ്പർ | ചുനകത്തിൽഹൗസ്, കരുവാറ്റ, കരുവാറ്റ.പി.ഒ | |

| | | | | | |
|---|---|---|---|---|---|
| | | | 690 517 | | |

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-1163/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 07.10.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക നം.4-1(എ)യിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/BP-1163/2016

Kerala State Audit Department,

District Audit Office, Alappuzha.

Date: 07.10.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Haripad Block Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Haripad Block panchayat for the year 2014-15 except the observations in my audit report Para No.4-1(a) properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-1163/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 07.10.2016

## *ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/BP-1163/2016

Kerala State Audit Department,

District Audit Office, Alappuzha.

Date: 07.10.2016

## *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Haripad Block Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Haripad Block panchayat for the year 2015-16 except the observations in my audit report Para No.4-1(a) properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

Alappuzha